ഉത്തരം

(എ) സർക്കാർ ഓഫീസുകളിലെ ഫയലുകളിലുള്ള കാലതാമസം ഒഴിവാക്കാനും സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കേരളാ ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ കാലതാമസം നേരിടുന്ന ഫയലുകൾ തീർപ്പാക്കാൻ തീവ്രയത്ന പരിപാടികൾ സെക്ഷൻ/വകുപ്പുതലത്തിൽ മാസത്തിലൊരിക്കൽ സംഘടിപ്പിക്കാനും രജിസ്റ്ററുകളുടെ പീരിയോഡിക്കൽ ഇൻസ്പെക്ഷൻ കർശനമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി)&(സി) ഓഫീസ് കാര്യങ്ങളിൽ വീഴ്ചയും, അലംഭാവവും വരുത്തുന്നവർക്കെതിരെ സെക്രട്ടേറിയേറ്റ് മാനുവൽ/എം.ഒ.പി. എന്നിവയിലെ ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടുന്നു എന്നു ഉറപ്പുവരുത്തുന്നതാണ്. കൂടാതെ ഉന്നത ഉദ്യോഗസ്ഥർ സെക്ഷനുകളിൽ സർപ്രൈസ് ചെക്ക് നടത്തി ഹാജർ നില, ഫയൽ എന്നിവ പരിശോധിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ട്രാഫിക് തടസ്സങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇക്കാര്യം റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

2 (1594) മേൽത്തട്ട് സംബന്ധിച്ച സുപ്രീംകോടതി വിധി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേൽത്തട്ട് സംബന്ധിച്ച സുപ്രീംകോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മേൽത്തട്ട് നിർണ്ണയിക്കുവാൻ ഒരു കമ്മിഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംവരണ സംരക്ഷണ നിയമം സുപ്രീംകോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പി.എസ്.സി നിയമനങ്ങളെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വിവിധ വകുപ്പുകളിൽ നിയമനം നടത്തുന്നതിനുവേണ്ടി പി.എസ്.സി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനം ഇതു കാരണം വൈകുമോ;

(ജി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)-(ജി) മേൽത്തട്ട് പ്രശ്നം സംബന്ധിച്ചു സുപ്രീംകോടതിയുടെ വിധിയിന്മേൽ മന്ത്രിസഭാ ഉപസമിതി നൽകിയ റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനിക്കുകയും ചെയ്തു.

1. റിവ്യൂ ഹർജി ഫയൽ ചെയ്യേണ്ടതുണ്ടോ എന്ന കാര്യത്തിൽ അറ്റോർണി ജനറലിന്റെയോ അല്ലെങ്കിൽ ഒരു ഉന്നതനായ സുപ്രീംകോടതി അഡ്വക്കേറ്റിന്റെയോ ഉപദേശം തേടാൻ തീരുമാനിച്ചു.

2. സുപ്രീംകോടതി വിധിയുടെ പരാമർശങ്ങളുടെ (59-60 പേജുകളിലുള്ള നിർദ്ദേശം-2) അടിസ്ഥാനത്തിൽ മറ്റ് പിന്നോക്ക സമുദായങ്ങളിലെ മേൽത്തട്ടുകാരെ കണ്ടെത്താനുള്ള വ്യവസ്ഥകൾ നിർദ്ദേശിയ്ക്കുന്നതിന് ഒരു കമ്മിഷനെ നിയമിക്കുവാൻ തീരുമാനിച്ചു. കമ്മിഷൻ അതിന്റെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

3. മേൽത്തട്ട് സംബന്ധിച്ച് ജോസഫ് കമ്മിറ്റി നിർദ്ദേശിച്ച ശമ്പള സ്കെയിലുകൾ പുതുക്കിയ നിരക്കിൽ പ്രാബല്യത്തിൽ വരുത്തുന്നതാണ്.

4. ജോസഫ് കമ്മിറ്റി നിർദ്ദേശിച്ച വാർഷിക വരുമാന പരിധിയായ 1.5 ലക്ഷം രൂപാ ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ 1-1-2000 മുതൽക്ക് പ്രാബല്യത്തിൽ വരത്തക്കവിധം വർദ്ധിപ്പിക്കുന്നതാണ്.

5. അഡ്വൈസ് മെമ്മോ ലഭിച്ച മറ്റ് പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ അവർ മേൽത്തട്ട് വിഭാഗത്തിൽ ഉൾപ്പെടുന്നില്ലെന്ന സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിയമിക്കാവൂ.

6. സർട്ടിഫിക്കറ്റ് നൽകാൻ താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കും.

എ) ജില്ലാ മജിസ്ട്രേട്ട്, അഡീഷണൽ ജില്ലാ മജിസ്ട്രേട്ട്/കളക്ടർ/ഡെപ്യൂട്ടി കളക്ടർ/ഒന്നാം ക്ലാസ്സ് സ്റ്റൈപ്പൻഡറി മജിസ്ട്രേട്ട്/സബ് ഡിവിഷണൽ മജിസ്ട്രേട്ട്/താലൂക്ക് മജിസ്ട്രേട്ട്/എക്സിക്യൂട്ടീവ് മജിസ്ട്രേട്ട്/എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണർ (ഒന്നാം ക്ലാസ്സ് സ്റ്റൈപ്പന്ററി മജിസ്ട്രേട്ടിന്റെ റാങ്കിനു താഴെ അല്ലാത്തത്)

(ബി) ചീഫ് പ്രസിഡൻസി മജിസ്ട്രേട്ട്/അഡീഷണൽ ചീഫ് പ്രസിഡൻസി മജിസ്ട്രേട്ട്/പ്രസിഡൻസി മജിസ്ട്രേട്ട്

(സി) റവന്യൂ ഓഫീസർ (തഹസീൽദാരുടെ റാങ്കിനു താഴെ അല്ലാത്തത്)

(ഡി) ഉദ്യോഗാർത്ഥിയോ ടിയാളുടെ കുടുംബമോ താമസിക്കുന്ന പ്രദേശത്തെ സബ് ഡിവിഷണൽ ഓഫീസർ

7. ജോസഫ് കമ്മിറ്റി നൽകിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അനുബന്ധം 'എ' യിൽ വിട്ടുപോയ അഞ്ചു സമുദായങ്ങളെയും പത്ത് ഉപജാതികളെയും (സബ് കാസ്റ്റസ്) ഉൾപ്പെടുത്തി അനുബന്ധം ഭേദഗതി ചെയ്യേണ്ടതാണ്.

8. ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമനങ്ങൾ മരവിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കുന്നതാണ്.

9. മേൽപ്പറഞ്ഞ തീരുമാനങ്ങൾ ഉടൻതന്നെ പബ്ലിക് സർവ്വീസ് കമ്മീഷനെ എഴുതി അറിയിക്കാനും തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly